LIBRARY ARCHIVES Kerala Legislative Assembly

സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ജീവനക്കാർ

206(1274) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിലവിലുള്ള സ്ഥിരം ജീവനക്കാർ എത്രയാണ്;

(ബി) താൽക്കാലിക, ദിവസവേതന ജീവനക്കാർ എത്രയാണ്;

(സി) സ്ഥിരം ജീവനക്കാരുടെ സർവ്വീസ് റൂൾസ് നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ സർവ്വീസ് റൂൾസ് എന്നത്തേക്ക് നിശ്ചയിച്ച് അംഗീകരിക്കാനാകും ;

(ഇ) ദിവസവേതനക്കാരുടേയും താല്ക്കാലിക ജീവനക്കാരുടേയും വേതനം വർദ്ധിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ ;വിശദമാക്കുമോ?

ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ 2291 സ്ഥിരം ജീവനക്കാർ ഉണ്ട്.

(ബി) സപ്ലൈകോയിൽ താൽക്കാലിക ദിവസവേതനക്കാരുടെ എണ്ണം 5272 ആണ്.

(സി) നിശ്ചയിച്ചിട്ടുണ്ട്. 3-2-2009-ലെ സ.ഉ.(എം.എസ്) നമ്പർ 7/09/ ഭ.സി.സ.വ. ഉത്തരവ് പ്രകാരമുള്ള മാനേജീരിയൽ സർവ്വീസ് റൂളും 26-7-1997-ലെ സ.ഉ (എംഎസ്.)നമ്പർ 29/97/ഭ.സി.സ.വ. നമ്പർ പ്രകാരമുള്ള പ്രൊമോഷൻ/ റിക്രൂട്ട്മെന്റ് റൂളും 1978-ലെ ഹെൽപ്പേഴ്സ് സർവ്വീസ് റൂളും ആണ് നിലവിലുള്ളത്.

(ഡി) ബാധകമല്ല.

(ഇ) സർക്കാർ പരിശോധിച്ചുവരുന്നു.

നിയമസഭാ മണ്ഡലങ്ങളിൽ ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ ഓഫീസ്

207(1275) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 140 നിയമസഭാ മണ്ഡലങ്ങളിലും ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗത്തിൽ ഓരോ ഓഫീസിലും എത്ര ജീവനക്കാർ ആവശ്യമുണ്ടെന്നും വകുപ്പിൽ ഇപ്പോൾ എത്ര ജീവനക്കാർ ഉണ്ട് എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) പേരാമ്പ്ര മണ്ഡലത്തിലെ ഓഫീസിൽ എത്ര ജീവനക്കാർ ഉണ്ടെന്നും ഇവർക്ക് വേറെ ഏതൊക്കെ മണ്ഡലങ്ങളിലെ ഓഫീസ് ചാർജ്ജുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിഭാഗത്തിനായി ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് നിലവിൽ ഉണ്ടായിരുന്ന 60 ഫുഡ്സേഫ്റ്റി സർക്കിൾ ഓഫീസുകൾ നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിച്ച് മൊത്തം ഭക്ഷ്യസുരക്ഷാ ഓഫീസുകളുടെ എണ്ണം 140 ആയി ഉയർത്തിയിട്ടുണ്ട്. അധികമായി സൃഷ്ടിച്ച 80 ഫുഡ്സേഫ്റ്റി ഓഫീസുകളിലേയ്ക്കാവശ്യമായ ഫുഡ്സേഫ്റ്റി ഓഫീസർ, ക്ലർക്ക്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകൾ ഇതിനകംതന്നെ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികകളിലേയ്ക്ക് ജീവനക്കാരെ നിയമിക്കുന്ന മുറയ്ക്ക് 140 നിയമസഭാമണ്ഡലങ്ങളിലും ഭക്ഷ്യസുരക്ഷാ ഓഫീസുകൾ പൂർണ്ണ പ്രവർത്തന സജ്ജമാകുന്നതാണ്. ഓരോ സർക്കിൾ ഓഫീസിലും ഒരു ഫുഡ് സേഫ്റ്റി ഓഫീസർ, ഒരു ക്ലർക്ക്, ഒരു ഓഫീസ് അറ്റൻഡന്റ് എന്ന ക്രമത്തിൽ 140 നിയമസഭാ മണ്ഡലങ്ങളിലും ജീവനക്കാർ ആവശ്യമായിട്ടുണ്ട്. നിലവിലുള്ള 60 സർക്കിൾ ഓഫീസുകളിൽ അനുവദനീയമായ ഒരു ഫുഡ് സേഫ്റ്റി ഓഫീസർ, ഒരു ക്ലർക്ക്, ഒരു അറ്റൻഡന്റ് എന്നീ ജീവനക്കാർ പ്രവർത്തിച്ചുവരുന്നു. അധികമായി സൃഷ്ടിച്ച 80 സർക്കിൾ ഓഫീസുകളിലേയ്ക്കടക്കം 99 ക്ലർക്കിന്റെയും 30 ഓഫീസ് അറ്റൻഡന്റിന്റെയും 5 ഫുഡ്സേഫ്റ്റി ഓഫീസർമാരുടെയും തസ്തികകൾ ജി.ഒ(എം.എസ്) നമ്പർ 26/2016/ആ.ക.വ. തീയതി 1-2-2016 പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്. 57 ഫുഡ് സേഫ്റ്റി ഓഫീസർ തസ്തികകൾ ജി.ഒ.(എം.എസ്) 24/2013/ആ.ക.വ. തീയതി 2-2-2013 പ്രകാരം നേരത്തെതന്നെ അനുവദിച്ചിട്ടുണ്ട്. മുഴുവൻ ഓഫീസുകളിലേയ്ക്കും ജീവനക്കാരെ നിയമിക്കുന്നതിനും ഓഫീസിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(സി&ഡി) പേരാമ്പ്ര മണ്ഡലത്തിലെ ഓഫീസിൽ ഒരു ക്ലർക്ക്, ഒരു ഓഫീസ് അറ്റൻഡന്റ്, ഒരു ഫുഡ് സേഫ്റ്റി ഓഫീസർ എന്നീ തസ്തികകളിൽ ജീവനക്കാർ പ്രവർത്തിക്കുന്നു. കൂടാതെ ഈ ഓഫീസിലെ ഫുഡ് സേഫ്റ്റി ഓഫീസർക്ക് കൊയിലാണ്ടി, ബാലുശ്ശേരി എന്നീ സർക്കിളുകളുടെ അധിക ചുമതല നൽകിയിട്ടുണ്ട്. ഫുഡ് സേഫ്റ്റി ഓഫീസർ തസ്തികയിൽ നിയമനം നടത്തുന്നതിനായി 80 ഒഴിവുകൾ ഇതിനകംതന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും റിക്രൂട്ട്മെന്റ് നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുകയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly